LCO/1118/2025-PR(1)

ലേബർ കമ്മീഷണറുടെ കാര്യാലയം
തൊഴിൽ ഭവൻ, വികാസ്ഭവൻ.പി.ഒ
തിരുവനന്തപുരം, തീയതി: 22/02/2025

## ക്വട്ടേഷൻ നോട്ടീസ്

അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സാമൂഹ്യസുരക്ഷാ നിയമം 2008 പ്രകാരം കേന്ദ്ര സർക്കാർ നടപ്പാക്കുന്ന **പ്രധാൻ മന്ത്രി ശ്രം യോഗി മൻധൻ യോജന പെൻഷൻ പദ്ധതി**യുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് കേരള സംസ്ഥാനമൊട്ടാകെ സോഷ്യൽ മീഡിയ കാമ്പയിൻ ഫലപ്രദമായി സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് എംപാനൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും സർക്കാർ വകുപ്പുകൾക്ക് സോഷ്യൽ മീഡിയ കാമ്പയിൻ ചെയ്ത് പരിചയമുള്ളതുമായ വ്യക്തികൾ / ഏജൻസികൾ എന്നിവരിൽ നിന്നും ( 10 ഇൻഫോ വീഡിയോകളും, 10 പോസ്റ്ററുകളും ചെയ്യുന്നതിനായി ) വിശദമായ ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

- ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി 25.02.2025 വൈകുന്നേരം 3 മണി
- 25.02.2025 വൈകുന്നേരം 4 മണിക്ക് തന്നെ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ ക്വട്ടേഷനുകൾ ഓപ്പൺ ചെയ്യുന്നതാണ്
- കൂടുതൽ വിവരങ്ങൾക്ക് 9745507225 (പബ്ലിസിറ്റി ഓഫീസർ, ലേബർ)

ക്വട്ടേഷനുകളും ആശയങ്ങളും പരിശോധിച്ച് ഉചിതമായവ തെരഞ്ഞെടുത്തുകൊണ്ടുള്ള ക്വട്ടേഷനിലെ അന്തിമ തീർപ്പ് ലേബർ കമ്മീഷണറിൽ നിക്ഷിപ്തമായിരിക്കും. കാമ്പയിൻ വിജയകരമായി പൂർത്തീകരിച്ച് ബില്ല് സമർപ്പിക്കുന്ന മുറയ്ക്ക് തുക മാറി നൽകുന്നതാണ്.

ബീനമോൾ എസ്
ലേബർ പബ്ലിസിറ്റി ഓഫീസർ,
ലേബർ കമ്മീഷണർക്കുവേണ്ടി

ക്വട്ടേഷനുകൾ അയയ്ക്കേണ്ട വിലാസം

ലേബർ കമ്മീഷണർ
തൊഴിൽ ഭവൻ
വികാസ്ഭവൻ.പി.ഒ
തിരുവനന്തപുരം 695 033
E Mail.labourpublicity@gmail.com